വൈദ്യുതി അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ

49 (6500) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ഇ.ബി ജീവനക്കാരുടെയും കരാർ തൊഴിലാളികളുടെയും അപകട മരണങ്ങൾ മുൻകാലങ്ങളിലേതിനേക്കാൾ കൂടുതലായി ഉണ്ടാകുന്നുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് അറ്റകുറ്റപ്പണികൾ ചെയ്യുമ്പോൾ നിർബന്ധമായും പാലിക്കേണ്ട സുരക്ഷാ ക്രമീകരണങ്ങളെ സംബന്ധിച്ച് ബോർഡ് ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. 'പെർമിറ്റ് റ്റു വർക്ക്' സിസ്റ്റം ബോർഡിന്റെ എല്ലാ മേഖലകളിലേക്കും വ്യാപിപ്പിക്കുന്നുണ്ട്. ലഭ്യമായ മേൽത്തരം സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സുരക്ഷാ ഉദ്യോഗസ്ഥരും മേൽനോട്ടം വഹിക്കുന്നവരും സുരക്ഷാ പരിപാലനവ്യവസ്ഥകൾ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

ഷോക്കേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം

50 (6501) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതിലൈനിൽനിന്ന് ഷോക്കേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് എന്തെല്ലാം നഷ്ടപരിഹാരങ്ങളാണ് വൈദ്യുതി ബോർഡ് നൽകിവരുന്നത് ; വിശദമാക്കുമോ ;

(ബി) അപകടങ്ങളുമായി ബന്ധപ്പെട്ട് വ്യവഹാരത്തിന് പോകാത്തവർക്ക് ഒരു നിശ്ചിതതുക ധനസഹായമായി അനുവദിക്കുന്നകാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വൈദ്യുതി അപകടങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു :

I. ബോർഡ് ജീവനക്കാർ

1. പ്രായത്തിനും സാമ്പത്തികമായ നഷ്ടപരിഹാരം 3,97,480 രൂപമുതൽ 9,14,160 രൂപവരെ.

LIBRARY ARCHIVES Kerala Legislative Assembly

2. ശവസംസ്കാര ചെലവിനായി 5,000 രൂപ.

3. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായ 5 ലക്ഷംരൂപ.

4. 2011-ലെ ദീർഘകാല കരാറിലെ വ്യവസ്ഥകൾക്ക് വിധേയമായി വിവിധ ആശുപത്രികളിലെ ചികിത്സയ്ക്ക് വേണ്ടിവരുന്ന പൂർണ്ണമായ ചികിത്സാച്ചെലവ്.

5. സംസ്ഥാന സർക്കാരിന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം 10 ലക്ഷംരൂപ ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിൽനിന്നും ലഭിക്കുന്നു.

6. അപകടമരണം സംഭവിക്കുന്ന ജീവനക്കാരന്റെ അനന്തരാവകാശികളിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി ആശ്രിത നിയമനം.

II. കരാർ തൊഴിലാളികൾ

മൂന്നുലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെകീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമരണം സംഭവിക്കുകയാണെങ്കിൽ 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ച് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽനിന്നും നൽകിവരുന്നു :

1. പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480 രൂപമുതൽ 9,14,160 രൂപവരെ.

2. ശവസംസ്കാര ചെലവിനായി 5,000 രൂപ.

മൂന്നുലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെകീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിക്കും. മൂന്നുലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്.

III. പൊതുജനങ്ങൾ

വൈദ്യുതി അപകടങ്ങളിൽ മരണപ്പെടുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് "വൈദ്യുതി സുരക്ഷാ പദ്ധതി" പ്രകാരമുള്ള ആശ്വാസധന സഹായമായി ഒരുലക്ഷം രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് അവർ നീതിന്യായ കോടതികൾ ഉൾപ്പെടെയുള്ള ഫോറങ്ങളിൽ വ്യവഹാരത്തിന് പോകുകയില്ല എന്ന് രേഖാമൂലം ഉറപ്പുതരുന്ന ക്ലെയിമുകളിൽ നഷ്ടപരിഹാരത്തുകയായി പരമാവധി 5 ലക്ഷം രൂപ വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്ന വിഷയം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പരിഗണനയിലുണ്ട്.

വൈദ്യുതി അപകടങ്ങൾ

51 (6502) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2011, 2012, 2013, 2014 വർഷങ്ങളിൽ വൈദ്യുതി അപകടങ്ങളിൽ എത്രപേർ മരണപ്പെട്ടിട്ടുണ്ട് ; അതിൽ വൈദ്യുതി ബോർഡ് ജീവനക്കാർ, കരാറുകാർ, പൊതുജനങ്ങൾ എത്ര വീതമാണെന്ന് വിശദമാക്കുമോ ;

(ബി) സുരക്ഷാ സംവിധാനങ്ങളുടെയും ആധുനിക പണിയായുധങ്ങളുടെയും ഗുണമേന്മയുള്ള സാധനസാമഗ്രികളുടെയും അഭാവം പരിഹരിക്കുന്നതിന് വൈദ്യുതി ബോർഡ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) വൈദ്യുതി അപകടങ്ങളിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നത് എന്നറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 2011, 2012, 2013, 2014 വർഷങ്ങളിൽ വൈദ്യുതി അപകടങ്ങളിൽ മരണപ്പെട്ടതായി വൈദ്യുതി ബോർഡിൽ റിപ്പോർട്ട് ചെയ്യപ്പെട്ടവരുടെ എണ്ണം ചുവടെ ചേർക്കുന്നു :

	പൊതുജനം			
വർഷം	ബോർഡ് ജീവനക്കാർ	കരാർ തൊഴിലാളികൾ	ബോർഡിന്റെ* പ്രതിഷ്ഠാപനങ്ങളിൽനിന്നും	ഉപഭോക്താവിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും
2011	20	13	84	92
2012	14	09	58	96
2013	07	10	65	92
2014	08	09	29	34
ആകെ	49	41	236	314

* അറിവില്ലായ്മ, അശ്രദ്ധ, സുക്ഷ്മതക്കുറവ് എന്നീ കാരണങ്ങളാൽ വൈദ്യുതി ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും അബദ്ധവശാൽ വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടവരും ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly